മുനിസിപ്പൽ സ്വാവഞ്ചേഴ്സിന്റേയും തുപ്പുകാരുടേയും ശമ്പളവർദ്ധനവു്.

* 562. [2] † ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മുനിസിപ്പൽ തൊഴിലാളികളായ സ്വാവഞ്ചേഴ്സിനും, തുപ്പുകാർക്കും ഇന്നുള്ള പ്രതിമാസശമ്പളം എത്ര; അലവൻസു് എത്ര;

(ബി) ഇന്നത്തെ വിലവർദ്ധനവിനു് ആനുപാതികമായ ഇവരുടെ ശമ്പളവും, അലവൻസും 25 ശതമാനംവീതം വർദ്ധിപ്പിച്ചുകൊടുക്കാൻ ഗവണ്മെന്റു് നഗരസഭകൾക്കും കാർപ്പറേഷനുകൾക്കും നിർദ്ദേശം കൊടുക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. ‡

(ബി) ഇവരുടെ സേവന വ്യവസ്ഥകളും പരിഷ്കരിക്കേണ്ടതിനെപ്പറ്റി ഉപദേശിക്കാൻ ഒരു മിനിമം വേജസ് കമ്മിറ്റിയെ നിയമിക്കുന്നകാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. കെ. കൃഷ്ണപിള്ള: എൻ. ജി. ഓ. മാർക്കു് അനുവദിച്ചിട്ടുള്ള അലവൻസിന്റെ വർദ്ധനവു് ലോക്കൽ ബോഡീസിലെ ജീവനക്കാർക്കുകൂടി ബാധകമായിരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബാധകമായിരിക്കും.

ശ്രീ. കെ. ഹസൻഗനി: ഇങ്ങനെ ഒരു മിനിമംവേജസ് കമ്മിറ്റിയെ നിയമിച്ചാൽതന്നെയും ലോക്കൽ ബോഡീസ് കൗൺസിലിന്റെ പ്രത്യേകാനുമതി ഇതിനാവശ്യമില്ലേ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ലോക്കൽ ബോഡീസിലെ ജീവനക്കാരെ സംബന്ധിച്ചാണു് പറഞ്ഞതു്. അതിൽ ഗവണ്മെന്റു് മറ്റു ജീവനക്കാർക്കു കൊടുക്കുന്നതുപോലെ ഇവർക്കും കൊടുക്കാൻ ഒരു തീരുമാനമെടുത്താൽ അതിനു പ്രതിബന്ധം ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: കഴിഞ്ഞ പരക്കെ ഉള്ളതിന്റെ ഫലമായി ശമ്പളവും, അലവൻസും വർദ്ധിപ്പിക്കണമെന്നുള്ള പൊതു ആവശ്യത്തിന്റെ ഫലമായി കമ്മിറ്റി നിശ്ചയിച്ചു് പരിശോധിച്ചു് ഇൻറിം റിലീഫു് എന്നുള്ള നിലയിൽ എന്തെങ്കിലും നടപടി എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ നടപടിയൊന്നും ഇതുവരെ എടുത്തിട്ടില്ല. എടുക്കുമോ എന്നകാര്യം ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ: മുനിസിപ്പൽ ജീവനക്കാരെ സംബന്ധിച്ചു മാത്രമാണോ ഈ മിനിമംവേജസ് കമ്മിറ്റിയെ നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നതു്? അതോ ഈ വിഭാഗത്തിൽപെട്ട താഴ്ന്ന ജീവനക്കാരെ പൊതുവിൽ ബാധിക്കുന്ന തരത്തിലുള്ള വല്ല അന്വേഷണമോ കമ്മിറ്റിയെ നിശ്ചയിക്കലോ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതോ മുനിസിപ്പൽ ജീവനക്കാർക്കു മാത്രമായിട്ടാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: മുനിസിപ്പൽ ജീവനക്കാരെ സംബന്ധിച്ചു മാത്രമാണു് ഞാൻ പറഞ്ഞതു്.

† Put by Shri P. Ravindran.

‡ Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: പഞ്ചായത്തുബോർഡ് ജീവനക്കാർക്കു്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കു് ബാധകമാക്കാൻ ഉദ്ദേശിക്കുന്ന 3 ക. യും, 5 ക. യും ബാധകമാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പഞ്ചായത്തുകാർക്കുകൂടി ബാധകമാക്കാം.

പ്രീയൂണിവേഴ്സിറ്റിക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ

* 563. [3] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-64 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ കോളേജുകളിൽ പ്രീയൂണിവേഴ്സിറ്റിക്ലാസ്സിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടു്;

(ബി) അവരിൽ ആൺകുട്ടികളെത്ര; പെൺകുട്ടികളെത്ര;

(സി) ഗവണ്മെൻറ് കോളേജുകളിൽ മേൽപ്പറഞ്ഞ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 27,262 കുട്ടികൾ.

(ബി) 17,597 ആൺകുട്ടികളും, 9,665 പെൺകുട്ടികളും.

(സി) 4,526 കുട്ടികൾ.

സോഷ്യൽ വെൽഫെയർബോർഡു്.

* 564. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു നിലവിലുള്ള സോഷ്യൽ വെൽഫെയർബോർഡു് രൂപീകരിച്ചതെന്നാണു്;

(ബി) ഡിസ്ട്രിക്റ്റുതോറും സോഷ്യൽവെൽഫെയർ ബോഡിന്റെ പ്രവർത്തനത്തെപ്പറ്റി ഉപദേശിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(സി) ഓരോ ഡിസ്ട്രിക്റ്റിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ പട്ടികജാതിയിൽനിന്നും ആരെയെങ്കിലും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ ശങ്കർ):

(എ) 1-4-1963-ൽ.

(ബി) എല്ലാ റവന്യൂ ഡിസ്ട്രിക്റ്റിൽനിന്നും ഓരോ അന്യോഗസ്ഥാംഗത്തെ ബോർഡിലേക്കു് എടുത്തിട്ടുണ്ടു്.

(സി) ഓരോ ഡിസ്ട്രിക്റ്റിലും പ്രത്യേകം പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: സോഷ്യൽ വെൽഫെയർ ബോർഡു മുഖേനയുള്ള പ്രവർത്തനങ്ങളിൽ ഹരിജനങ്ങൾക്കു് കൂടുതൽ പ്രയോജനപ്രദമാകുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണു് നടത്തിയിരുന്നതു്?

ശ്രീ. ആർ. ശങ്കർ: സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം ഹരിജനങ്ങളെ പ്രത്യേകം കരുതിയുള്ളതല്ല. സോഷ്യലായി പ്രവർത്തനമർഹിക്കുന്ന പല ആളുകളേയും കരുതിയുള്ള പ്രവർത്തനമാണു്. ഹരിജനങ്ങൾക്കു് പ്രത്യേകമായിട്ടുള്ള പ്രവർത്തനങ്ങളും ഹരിജൻ ഡിപ്പാർട്ടുമെൻറിൽനിന്നാണു് നടത്തുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly